**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1357** **03-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേയുടെ കാസർഗോഡ് ജില്ലയിലെ നിർമ്മാണ പുരോഗതി ഏതു ഘട്ടത്തിലാണെന്ന വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **തീരദേശ ഹൈവേയുടെ കാസർഗോഡ് ജില്ലയിലെ നിർമ്മാണ പുരോഗതി മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.**<br><br>**തൃക്കരിപ്പൂർ മണ്ഡലം: പാണ്ഡ്യാലക്കടവ് (Ch. 0/000 മുതൽ സ്റ്റോർ ജംഗ്ഷൻ (Ch. 20/00) വരെ**<br><br>**തീരദേശപാതയുടെ ഭാഗമായ വലിയപറമ്പ പാലം നിർമ്മാണത്തിനായി 09.11.2023 തീയതിയിൽ 55.44 കോടി രൂപയുടെ സാമ്പത്തികാനുമതിയും 08.09.2025 തീയതിയിൽ 59.94 കോടി രൂപയുടെ പുതുക്കി( സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് 21.01.2026 തീയതിയിലെ 203-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം മാറ്റങ്ങൾവരുത്തിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. തീരദേശപാതയുടെ LA നടപടികളുടെ ഭാഗമായി 0.000 to 15/500 വരെയുള്ള ഭാഗത്തിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള അപേക്ഷ 07/07/2025 തീയതിയിൽ കാസർഗോഡ് ഡിവിഷനിൽ നിന്ന് റവന്യൂ ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ചിട്ടുണ്ട്.**<br><br>**<u>കാഞ്ഞങ്ങാട് മണ്ഡലം : സ്റ്റോർ ജംഗ്ഷൻ (Ch. 20/200) മുതൽ ചിത്താരി കടപ്പുറം (Ch.</u>** |

| | | | |
|---|---|---|---|
| | | | **35/120) വരെ.**<br><br>**കാഞ്ഞങ്ങാട് മണ്ഡലത്തിൽ തീരദേശപാതയുടെ കല്ലിടൽ പ്രവൃത്തി 12.75 കി.മീ പൂർത്തീകരിച്ചു.**<br><br>**ഉദുമ മണ്ഡലം : ചിത്താരി കടപ്പുറം (Ch. 35/120) മുതൽ പൂച്ചക്കാട് (Ch. 37/800) വരെ.**<br><br>**ഉദുമ മണ്ഡലത്തിൽ KSTP റോഡുമായി ബന്ധിപ്പിക്കുന്ന ഭാഗം ഒഴികെയുള്ള (1.2 കി.മീ) ഭാഗത്ത് കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചു.** |
| (ബി) | തീരദേശ ഹൈവേയുടെ പ്രവർത്തനം കാസർഗോഡ് ജില്ലയിൽ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | **കാസർഗോഡ് ജില്ലയിലെ തീരദേശ പാതയുടെ ഭാഗമായി വലിയപറമ്പ പാലത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ